(എഫ്) ഇക്കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പരിശോധിക്കുന്നതാണ്.

(ജി) ആരോഗ്യ മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട തുകയുടെ പരിധി കഴിഞ്ഞതിനാൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് ഉദ്ദേശിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ മലമ്പനി-മലേറിയ രോഗം വർദ്ധിക്കുന്ന സാഹചര്യം

138 [2630] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മലമ്പനി-മലേറിയ രോഗം വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2004 ജനുവരി മുതൽ ഇതുവരെയായി ഇതുസംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അമ്പതോളം കേസുകൾ പരിശോധിച്ചതിൽ ഒമ്പതുമാത്രമാണ് രോഗ ബാധയുള്ളതെന്നുള്ള റിപ്പോർട്ടിന് ആധാരമായിട്ടുള്ള കാര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇതിന്റെ പരിശോധന നടത്തുന്നതും ഫീൽഡ് വർക്ക് ചെയ്യുന്നതും ആരോഗ്യ വകുപ്പിന്റെ ജീവനക്കാരാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് മലേറിയ സംബന്ധിച്ച പരിശോധനയും അന്വേഷണവും നടത്തുന്നത് ആരോഗ്യവകുപ്പാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) തൃശ്ശൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ ഈ ജോലികൾ നിർവ്വഹിക്കുന്ന ജീവനക്കാരുടെ തസ്തികകൾ എത്രയാണ്;

(ജി) ഇതിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 113 കേസുകൾ.

(സി) അത്തരത്തിൽ ഒരു റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ഡി ആന്റ് ഇ) ആരോഗ്യവകുപ്പിന്റെയും കോർപ്പറേഷന്റെയും ജീവനക്കാർ സംയുക്തമായിട്ടാണ് ഫീൽഡ് വർക്കും പരിശോധനയും ചെയ്യുന്നത്.

(എഫ്) 11 തസ്തികകളിലായി 372 പേർ.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I	..	1	ഒഴിവ്
ഹെൽത്ത് സൂപ്പർവൈസർ ഗ്രേഡ് II	..	5	,,
ഹെൽത്ത് ഇൻസ്പെക്ടർ	..	11	,,
ഫീൽഡ് അസിസ്റ്റന്റ്	..	3	,,
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I	..	23	,,
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	..	23	,,
ഫീൽഡ് വർക്കർ	..	5	,,

അർബുദരോഗ നിർണ്ണയ ക്ലിനിക്കുകൾ

139 [2631] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബുദരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് അർബുദരോഗ ചികിത്സാസംവിധാനങ്ങളുള്ള എത്ര ആശുപത്രികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ജില്ലാ, താലൂക്ക് ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അർബുദരോഗ നിർണ്ണയ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനസംഖ്യയുടെ വർദ്ധനവിന് ആനുപാതികമായി ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അർബുദ രോഗ ചികിത്സാ സംവിധാനങ്ങളുള്ള ഗവൺമെന്റ് സ്ഥാപനങ്ങൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ എന്നിവ താഴെപ്പറയും പ്രകാരമാണ്:

ഗവൺമെന്റ് സ്ഥാപനങ്ങൾ

(1) റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം (ഇവിടെ മൂന്നു തരം ചികിത്സാരീതികളുണ്ട്. റേഡിയേഷൻ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി).

(2) മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, പരിയാരം.

(3) ജനറൽ ആശുപത്രി—എറണാകുളം.

(4) ജില്ലാ ആശുപത്രി—കോഴഞ്ചേരി, പത്തനംതിട്ട.

(5) മലബാർ ക്യാൻസർ സെന്റർ—തലശ്ശേരി.

LIBRARY ARCHIVES Kerala Legislative Assembly